بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**
**സംഗ്രഹം**
**18-07-2025**

# മക്കാവിജയം:
# നബിതിരുമേനി(സ) പരിശുദ്ധ മക്കയിൽ

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَ رَسُوۡلُہٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ- بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ-
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○
اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡھِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാത്തിഹ എന്നിവ പാരായണം ചെയ്ത ശേഷം ഹുസൂർ അൻവർ അയ്യദല്ലഹുല്ലാഹു തആലാ ബിനസ് രിഹിൽ അസീസ് അരുളി:

ഇന്നും ഞാൻ മക്കാ വിജയവുമായി ബന്ധപ്പെട്ട സംഭവങ്ങളെക്കുറിച്ച് വിശദീകരിക്കുന്നതാണ്. ഈ സമയത്ത് നബി(സ) മക്കയിൽ എത്രകാലം താമസിച്ചു എന്നതിനെ സംബന്ധിച്ച് അഭിപ്രായവ്യത്യാസമുണ്ട്. ബുഖാരിയിലെ നിവേദനമനുസരിച്ച് നബി (സ) മക്കയിൽ പത്തൊമ്പത് ദിവസമാണ് താമസിച്ചത്. അവിടുന്ന് രണ്ട് റക്അത്ത് ആണ് നമസ്കരിച്ചിരുന്നത്. അതായത് ഖസ്ർ (ചുരുക്കി) നമസ്കരിച്ചു. വിവിധ നിവേദനങ്ങളിൽ പതിനെട്ട്, പതിനേഴ്, പതിനഞ്ച് എന്നിങ്ങനെ ദിവസങ്ങൾ പരാമർശിച്ചു വന്നിട്ടുണ്ട്.

ചില ഓറിയന്റലിസ്റ്റുകളും നബി (സ) യുടെ മക്കാ വിജയത്തെക്കുറിച്ച് തങ്ങളുടെ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വില്യം മ്യൂർ ഒരു പ്രശസ്ത ഓറിയന്റലിസ്റ്റാണ്. അദ്ദേഹം സ്കോട്ട്ലൻഡുകാരനായിരുന്നു. മക്കാ വിജയത്തെക്കുറിച്ച് തന്റെ "***ദി ലൈഫ് ഓഫ് മുഹമ്മദ്***" എന്ന ഗ്രന്ഥത്തിൽ നബി (സ)യുടെ ഉദാത്ത മാതൃകയെക്കുറിച്ച് എഴുതുമ്പോൾ അദ്ദേഹം പറയുന്നു: മുഹമ്മദ് (സ) കഴിഞ്ഞ കാലത്തെ എല്ലാ തെറ്റുകളും അവരുടെ ഭാഗത്ത് നിന്നുള്ള ചെറുതും വലുതുമായ വിഷമങ്ങൾ മറന്നതും യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ സ്വന്തം നേട്ടത്തിന് വേണ്ടിയായിരുന്നു. എങ്കിലും ഇതിന് മഹത്തായ, ഒരു ആർദ്രഹൃദയം ആവശ്യമാണ്."

ഇതുപോലെ, വില്യം മോണ്ട്ഗോമറി ഒരു സ്കോട്ടിഷ് ഓറിയന്റലിസ്റ്റായിരുന്നു. ഇസ്‌ലാമിനും നബി (സ)നും എതിരെ തന്റെ ഗ്രന്ഥങ്ങളിൽ വളരെ വിമർശിച്ച് എഴുതിയ ആളായിരുന്നു. അദ്ദേഹം എഴുതുന്നു:

മക്കയിലെ പ്രമാണിമാരെ ഇസ്‌ലാം സ്വീകരിക്കാൻ നിർബന്ധിച്ചില്ല. ഈ പ്രമാണിമാരും മറ്റ് പലരും അവിശ്വാസത്തിൽ തന്നെ തുടർന്നു. എല്ലാറ്റിനുമുപരിയായി, അദ്ദേഹം (നബി (സ)) തന്റെ കീഴിലുള്ള സഖ്യത്തെ നയിച്ച രീതിയും, തങ്ങളോട് നീതിയോടു കൂടി വർത്തിക്കുന്നു എന്ന് ഏതാണ്ട് എല്ലാവരെയും ബോധ്യപ്പെടുത്തിയ രീതിയും ഇസ്ലാമിക സമൂഹത്തിൽ ഐക്യവും സംതൃപ്തിയും ആവേശവും വർദ്ധിപ്പിച്ചു. "

മറ്റൊരു ഓറിയന്റലിസ്റ്റാണ് ആർതർ ഗിൽമാൻ. ഇദ്ദേഹവും പ്രശസ്തനായ ഓറിയന്റലിസ്റ്റ് ആയിരുന്നു. അമേരിക്കക്കാരനായിരുന്നു അദ്ദേഹം. എഴുതുന്നു: മുൻകാലങ്ങളിൽ മക്കാനിവാസികൾ തന്നോട് ചെയ്ത അതിക്രമങ്ങൾക്ക് പ്രതികാരം ചെയ്യാൻ പ്രേരിതനായേക്കാമായിരുന്ന സന്ദർഭത്തിൽ, തന്റെ സൈന്യത്തെ എല്ലാവിധ രക്തച്ചൊരിച്ചിലിൽ നിന്നും വിലക്കിയതും, താഴ്മയും അല്ലാഹുവിനോടുള്ള നന്ദിയും കഴിവതും പ്രകടിപ്പിച്ചതും അതീവ പ്രശംസനീയമാണ്.

അദ്ദേഹം എഴുതുന്നു: മുൻപ് പല സന്ദർഭങ്ങളിലും അങ്ങേയറ്റം ക്രൂരമായി പെരുമാറിയ പത്തോ പന്ത്രണ്ടോ പേർക്ക് ശിക്ഷ നല്കാൻ കൽപ്പിക്കുകയും അവരിൽ നാല് പേരെ വധശിക്ഷയ്ക്ക് വിധിക്കുകയും ചെയ്തു. എന്നാൽ ഈ നിലപാട് രാജ്യം കീഴടക്കിയ മറ്റ് നേതാക്കളുടെ നിലപാടുകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ അധികം മനുഷ്യത്വമുള്ളതാണെന്ന് വേണം പറയാൻ. 1099-ൽ ജറുസലേം കൈയടക്കിയപ്പോൾ എഴുപതിനായിരം മുസ്ലീം പുരുഷന്മാരെയും സ്ത്രീകളെയും നിസ്സഹായരായ കുട്ടികളെയും കൊന്നൊടുക്കിയ കുരിശുയോദ്ധാക്കളുടെ ക്രൂരതകളുമായി താരതമ്യം ചെയ്യുമ്പോൾ, അല്ലെങ്കിൽ 1874 എന്ന മറക്കാനാവാത്ത വർഷം കുരിശിന്റെ തണലിൽ പൊരുതിയ ബ്രിട്ടീഷ് സൈന്യം ആഫ്രിക്കയിലെ ഗോൾഡ് കോസ്റ്റിന്റെ തലസ്ഥാന നഗരി (ഘാനയുടെ പഴയ പേര്) യുദ്ധസമയത്ത് ചുട്ടെരിച്ചു കൊണ്ട് പ്രകടിപ്പിച്ച പരുഷ നിലപാടുകളുമായി താരതമ്യം ചെയ്യുമ്പോൾ മുഹമ്മദ് (സ)യുടെ വിജയം യഥാർത്ഥത്തിൽ മതത്തിന്റെ വിജയമായിരുന്നു, അല്ലാതെ രാഷ്ട്രീയത്തിന്റേതായിരുന്നില്ല. അദ്ദേഹം എല്ലാ ത്തരം വ്യക്തിഗത ആദരവുകളെയും നിരസിച്ചു. രാജകീയ മേധാവിത്വത്തിന്റെ എല്ലാ വഴികളും ഒഴിവാക്കി. മക്കയിലെ അഹങ്കാരികളായ എല്ലാ നേതാക്കളെയും അദ്ദേഹത്തിന്റെ മുന്നിൽ കൊണ്ടുവന്നപ്പോൾ, "ഇന്ന് നിങ്ങൾ എന്റെ കൈകളിൽ നിന്ന് എന്ത് പ്രതീക്ഷിക്കുന്നു?" എന്ന് അദ്ദേഹം അവരോട് ചോദിച്ചു. അവർ പറഞ്ഞു: "ഓ ഞങ്ങളുടെ ഉദാരനായ സഹോദരാ, കരുണ!" നബി (സ) പറഞ്ഞു: അങ്ങനെയാവട്ടെ. നിങ്ങൾ എല്ലാവരും സ്വതന്ത്രരാണ്."

റൂത്ത് ക്രാൻസ്റ്റൺ എന്ന ഓറിയന്റലിസ്റ്റ് ഉണ്ട്. അവരും അമേരിക്കക്കാരിയായിരുന്നു. അവർ എഴുതുന്നു:

ക്രിസ്ത്വബ്ദം 630 ന്റെ തുടക്കത്തിൽ, വെറും പത്ത് വർഷം മുൻപ് കല്ലെറിഞ്ഞ് നഗരത്തിൽ നിന്ന് പുറത്താക്കപ്പെടുകയും പരിഹാസത്തിന് ഇരയാവുകയും ചെയ്ത ആ വ്യക്തി, ഇപ്പോൾ തന്റെ പതിനായിരം പരിചയസമ്പന്നരായ സൈനികരുമായി മക്കാ നഗരത്തിൽ പ്രവേശിച്ചു. മുഹമ്മദ് (സ) ആരെയും കൊല്ലരുതെന്ന് ഉത്തരവിട്ടിരുന്നു. പൗരന്മാരോട് ദയയോടെ പെരുമാറണമെന്ന് അവിടുന്ന് പറഞ്ഞു.

കാരൺ ആംസ്ട്രോങ് ഒരു നല്ല പശ്ചാത്യ പണ്ഡിതയാണ്. സാധാരണയായി വളരെ നീതിയോടെ എഴുതുന്നയാളാണ്. അവർ എഴുതുന്നു:

അദ്ദേഹത്തിന് (നബിതിരുമേനിക്ക്) രക്തരൂഷിതമായ പ്രതികാരം ചെയ്യാൻ യാതൊരു ആഗ്രഹവുമുണ്ടായിരുന്നില്ല. ആരെയും ഇസ്ലാം സ്വീകരിക്കാൻ നിർബന്ധിച്ചില്ല, ആരുടെയും മേൽ യാതൊരു സമ്മർദ്ദവും ചെലുത്തിയതായി തോന്നുന്നില്ല. മുഹമ്മദ്(സ) ആളുകളെ നിർബന്ധിക്കാൻ ആഗ്രഹിച്ചിരുന്നില്ല. മറിച്ച് അവർക്കിടയിൽ മൈത്രിയും അനുരഞ്ജനവും സ്ഥാപിക്കാനാണ് ആഗ്രഹിച്ചത്. അദ്ദേഹം മക്കയിൽ വന്നത് ഖുറൈശികളെ അടിച്ചമർത്താനായിരുന്നില്ല, മറിച്ച് അവർക്ക് നിഷ്പ്രയോജനകരമെന്ന് തെളിഞ്ഞ മതത്തെ ഇല്ലാതാക്കാനായിരുന്നു. മക്കാ വിജയത്തിലൂടെ മുഹമ്മദ്(സ) തന്റെ പ്രവാചകത്വ വാദത്തിന്റെ സത്യസന്ധത തെളിയിച്ചു. ഈ വിജയം യാതൊരു രക്തച്ചൊരിച്ചിലുമില്ലാതെയാണ് നേടിയത്. മുഹമ്മദ്(സ)യുടെ സമാധാനപരമായ നയം വിജയിച്ചു. ഏതാനും വർഷങ്ങൾക്കുള്ളിൽ മക്കയിൽ വിഗ്രഹപൂജ ഇല്ലാതായി. ഇക്രിമയെയും സുഹൈലിനെയും പോലുള്ള കടുത്ത എതിരാളികൾ ആത്മാർത്ഥവും ആവേശഭരിതരുമായ മുസ്ലീങ്ങളായി മാറി."

മക്കാ വിജയവുമായി ബന്ധപ്പെട്ട് അബ്ദുല്ലാഹ് ഇബ്നു സഅ്ദ് ബിൻ അബീ സർഹ് ഇസ്ലാം സ്വീകരിച്ച സംഭവും രേഖപ്പെട്ടു കിടക്കുന്നു. നബിതിരുമേനി(സ)യുടെ വഹ്യ് എഴുതിയിരുന്ന ആളായിരുന്നു. അങ്ങനെ അയാൾ മതം ഉപേക്ഷിച്ച് മക്കയിലേക്ക് പോയി. മക്കാവിജയ സമയത്ത് റസൂലുല്ലാഹ് (സ) കൊല്ലാൻ ഉത്തരവിട്ടവരിൽ ഒരാൾ അബ്ദുല്ലാഹ് ഇബ്നു അബീ സർഹ് ആയിരുന്നു. എന്നാൽ ഹദ്റത്ത് ഉസ്മാൻ(റ) അദ്ദേഹത്തിന് അഭയം നൽകി, അദ്ദേഹം ഉസ്മാന്റെ വീട്ടിൽ മൂന്ന് ദിവസം ഒളിച്ചു. ഒരു ദിവസം റസൂലുല്ലാഹ് (സ) മക്കയിലെ ജനങ്ങളിൽ നിന്ന് ബൈഅത്ത് എടുക്കുന്ന സമയത്ത് ഹദ്റത്ത് ഉസ്മാൻ (റ) അബ്ദുല്ലാഹ് ഇബ്നു അബീ സർഹിനെയും കൊണ്ട് അദ്ദേഹത്തിന്റെ അടുത്ത് ചെന്ന് ബൈഅത്ത് സ്വീകരിക്കാൻ അപേക്ഷിച്ചു. റസൂലുല്ലാഹ് (സ) ആദ്യം കുറച്ചുനേരം ആലോചിച്ചു നിന്നെങ്കിലും അദ്ദേഹത്തിന്റെ ബൈഅത്ത് സ്വീകരിച്ചു. അദ്ദേഹം ഈജിപ്തിന്റെ ഗവർണറായും സേവനമനുഷ്ഠിച്ചു. ആഫ്രിക്കയിലെ ഒരു പ്രദേശം കീഴടക്കിയ ആളുമായിരുന്നു. ഹദ്റത്ത് ഉസ്മാന്റെ രക്തസാക്ഷിത്വത്തിന് ശേഷം അദ്ദേഹം കുഴപ്പങ്ങളിൽ നിന്ന് അകന്നുനിന്നു. ഹദ്റത്ത് ഉസ്മാന്റെ മുലകുടി ബന്ധത്തിലെ സഹോദരനായിരുന്നു അദ്ദേഹം. തന്റെ അവസാന പ്രവൃത്തി നമസ്കാരമായിരിക്കണമെന്ന് അദ്ദേഹം പ്രാർത്ഥിച്ചു എന്നും പറയപ്പെടുന്നു. അങ്ങനെ ഒരു ദിവസം സുബഹി നമസ്കരിക്കുമ്പോൾ സലാം വീട്ടിക്കൊണ്ടിരിക്കെ അദ്ദേഹം മരണപ്പെട്ടു.

ഇക്രിമ ബ്ൻ അബീ ജഹ്‌ലിനും ഉറപ്പായിരുന്നു തനിക്ക് ശിക്ഷ ലഭിക്കുമെന്ന്. ഇക്രിമ കടൽ മാർഗ്ഗം യമനിലേക്ക്പോകാൻതീരുമാനിച്ചു.അദ്ദേഹത്തിന്റെ ഭാര്യ ഉമ്മു ഹക്കീം ഇസ്‌ലാം സ്വീകരിച്ചു കഴിഞ്ഞിരുന്നു. തന്റെ ഭർത്താവ് ഇക്രിമ, കൊല്ലപ്പെടുമെന്ന ഭയത്താൽ യമനിലേക്ക് പലായനം ചെയ്തെന്ന് അറിഞ്ഞപ്പോൾ, അവർ നബി (സ)യുടെ സന്നിധിയിൽ ചെന്ന് പറഞ്ഞു: "ഇക്രിമയ്ക്ക് അങ്ങ് അദ്ദേഹത്തെ കൊല്ലിക്കുമോ എന്ന് ഭയമുണ്ട്,അങ്ങ് അദ്ദേഹത്തിന് അഭയം നൽകിയാലും. അപ്പോൾ നബി (സ) പറഞ്ഞു: "അദ്ദേഹം അഭയത്തിലാണ്. അങ്ങനെ അവർ ഇക്രിമയുടെ അടുത്തെത്തി. എന്നിട്ട് പറഞ്ഞു: ആളുകളിൽ ഏറ്റവും കൂടുതൽ ബന്ധങ്ങൾ സ്ഥാപിക്കുന്നവനും, ആളുകളിൽ ഏറ്റവും കൂടുതൽ സൽഗുണമുള്ളവനും, ആളുകളിൽ ഏറ്റവും കൂടുതൽ നന്മ ആഗ്രഹിക്കുന്നവനുമായ ഒരു വ്യക്തിയുടെ അടുത്ത് നിന്നാണ് ഞാൻ നിന്റെ അടുത്ത് വന്നിരിക്കുന്നത്. "അതുകൊണ്ട് നിന്റെ ജീവനെ അപകടത്തിലാക്കരുത്,കാരണം ഞാൻ നിനക്കായി അഭയം തേടിയിട്ടുണ്ട്." അതിനുശേഷം അദ്ദേഹം തന്റെ ഭാര്യയോടൊപ്പം വരികയും ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു.

വധശിക്ഷയുടെ ഉത്തരവ് നല്കപ്പെട്ടവിൽ നബിതിരുമേനി(സ)ടെ പുത്രി ഹദ്റത്ത് സൈനബി(റ)ന്റെ മരണത്തിന് കാരണമായ വ്യക്തിയും ഉൾപ്പെട്ടിരുന്നു. ഹദ്റത്ത് സൈനബ് കയറിയ ഒട്ടകത്തിന്റെ കയറ് അയാൾ അഴിച്ചു വിട്ടതിനാൽ ഗർഭിണിയായിരുന്ന സൈനബ് ഒട്ടകപ്പുറത്തു നിന്ന് വീണതിനെ തുടർന്ന് അവരുടെ ഗർഭം അലസിപ്പോവുകയും അല്പകാലത്തിനു ശേഷം ശഹീദ് ആവുകയും ചെയ്തു. ഇറാനിലേക്ക് ഓടിപ്പോയ ഇയാൾ പിന്നീട് നബിതിരുമേനിയുടെ സന്നിധിയിൽ ഹാജറായി മാപ്പിനപേക്ഷിച്ചു. നബിതിരുമേനി(സ) അയാൾക്കു മാപ്പു നല്കി.

ഇതുപോലെ കഅബ് ബ്നു സുബൈർ ഇസ്‌ലാം സ്വീകരിച്ച സംഭവമുണ്ട്. കവിയായിരുന്ന ഇയാളും നബിതിരുമേനിയുടെ ബദ്ധശത്രുവായിരുന്നു. തന്റെ കവിതകളിലൂടെ ഇയാൾ ഇസ്‌ലാമിനും നബിതിരുമേനി(സ)ക്കുമെതിരെ കുഴപ്പങ്ങൾ പ്രചരിപ്പിച്ചു കൊണ്ടിരുന്നു. അയാൾ നബിതിരുമേനിയുടെ അടുക്കൽ വന്ന് താനാരാണെന്ന് വ്യക്തമാക്കാതെ കഅബ് ബ്ൻ സുബൈറിന് മാപ്പ് നല്കണമെന്ന് അപേക്ഷിച്ചു. താൻ മാപ്പ് നല്കിയെന്ന് തിരുമേനി അറിയിച്ചപ്പോൾ കഅബ് താൻ തന്നെയാണെന്ന് അയാൾ പറഞ്ഞു. നബിതിരുമേനി(സ) അയാൾക്കു മാപ്പ് നല്കി. കഅബ് തിരുമേനിയുടെ മുൻപാകെ ഒന്നാംതരം ഖസീദയും അവതരിപ്പിച്ചു. അതിനു ഉപഹാരമായി നബിതിരുമേനി തന്റെ പുതപ്പ് അദ്ദേഹത്തിനു നല്കി. ഇക്കാരണത്താൽ ഈ ഖസീദ **ഖസീദ ബുർദ** എന്നറിയപ്പെടുന്നു.

ഇമാം ഷറഫുദ്ദീൻ ബൂസീരിയുടെ ഖസീദയും ഖസീദ ബുർദ എന്ന പേരിൽ ചരിത്രത്തിൽ കാണാം. ഇതിനെ "ഖസീദ ബുർദ" എന്ന് പറയാൻ കാരണം, അദ്ദേഹം നബി(സ)യുടെ മഹത്വത്തിൽ ഈ ഖസീദ എഴുതിയപ്പോൾ, നബി കരീം (സ) അദ്ദേഹത്തിന് സ്വപ്നത്തിൽ തന്റെ അനുഗ്രഹീത പുതപ്പ് അണിയിച്ചു എന്നതാണ്. അത് ഉണർന്നപ്പോഴും അദ്ദേഹത്തിന്റെ തോളിൽ ഉണ്ടായിരുന്നു. ഇമാം ബൂസീരി പക്ഷാഘാതം പിടിപെട്ട ആളായിരുന്നെന്നും ഈ പുതപ്പിന്റെ അനുഗ്രഹം കൊണ്ട് രോഗം മാറി എന്നും പറയപ്പെടുന്നു. എന്തായാലും, ഇത് പറയപ്പെടുന്ന ഒരു കഥയാണ്, ഇത്തരം കഥകളും വരാറുണ്ട്.

മറ്റ് ചില കടുത്ത എതിരാളികളുടെ ഇസ്‌ലാം ആശ്ലേഷണത്തെക്കുറിച്ചും അവർക്ക് എങ്ങനെ മാപ്പ് ലഭിച്ചു എന്നതിനെക്കുറിച്ചും പരാമർശമുണ്ട്. അത് ഞാൻ പിന്നീട് വിശദീകരിക്കും.

അടുത്ത വെള്ളിയാഴ്ച മുതൽ ഇൻഷാ അല്ലാഹു, അഹ്മദിയ്യ മുസ്ലിം ജമാഅത്ത് യുകെയുടെ വാർഷിക ജൽസയും ആരംഭിക്കുകയാണ്. അതിനുവേണ്ടിയും പ്രാർത്ഥിക്കുക. അല്ലാഹു തആലാ തന്റെ അനുഗ്രഹങ്ങളാൽ ജൽസയെ അനുഗ്രഹിക്കുകയും എല്ലാ പരിപാടികൾക്കും തന്റെ അനുഗ്രഹങ്ങൾ തന്നരുളുകയും ചെയ്യട്ടെ. എല്ലാ ദുഷ്ടന്മാരിൽ നിന്നും, ഉപദ്രവകാരികളിൽ നിന്നും, അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ ഉപദ്രവിക്കാൻ ഉദ്ദേശിക്കുന്നവരുടെ തിന്മകളിൽ നിന്നും അല്ലാഹു തആലാ രക്ഷിക്കട്ടെ. രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നും വരുന്ന അതിഥികളെ അല്ലാഹു തആലാ സുരക്ഷിതമായി എത്തിക്കുകയും ഇവിടെ അവരെ എല്ലാ തരത്തിലും തന്റെ സംരക്ഷണത്തിൽ നിർത്തുകയും ചെയ്യട്ടെ. ജൽസയ്ക്ക് സ്വന്തം ഏർപ്പാടു ചെയ്തു വരുന്ന അതിഥികളെയും ജമാഅത്തിന്റെ ആതിഥ്യമര്യാദയുടെ വകുപ്പിന് കീഴിൽ വരുന്ന അതിഥികളെയും സൽക്കരിക്കുന്നതിനുള്ള കടമ നിറവേറ്റാൻ എല്ലാ ആതിഥേയർക്കും അല്ലാഹു തആലാ തൗഫീഖ് നൽകട്ടെ. വലിയ ആവേശത്തോടും അഭിനിവേശത്തോടും കൂടി ജൽസയുടെ ഡ്യൂട്ടികൾക്കായി സ്വയം അർപ്പിക്കുന്ന എല്ലാ പ്രവർത്തകർക്കും അല്ലാഹു തആലാ തങ്ങളുടെ മേഖലകളിൽ നിസ്വാർത്ഥമായി സേവനം ചെയ്യാനുള്ള തൗഫീഖ് നൽകട്ടെ. അതീവ ആദരവോടും വിന

യത്തോടും നല്ല പെരുമാറ്റത്തോടും കൂടി അവർ അതിഥികളെ സേവിക്കട്ടെ.

ചിലപ്പോൾ ജോലിയുടെ ആധിക്യവും ഉറക്കമില്ലായ്മയും കാരണം ചില പ്രവർത്തകരുടെ നല്ല പെരുമാറ്റത്തെ ബാധിച്ചേക്കാം, എന്നാൽ ഏത് മേഖലയിൽ ഡ്യൂട്ടിയുള്ള പ്രവർത്തകരും ഈ ദിവസങ്ങൾ ഒരു കാര്യം ചിന്തിച്ചുകൊണ്ടായിരിക്കണം ചെലവഴിക്കേണ്ടത്: അല്ലാഹു തആലാ നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അതിഥികളെ സേവിക്കാൻ തൗഫീഖ് നൽകിയിരിക്കുന്നു, അവസരം നൽകിയിരിക്കുന്നു. അതുകൊണ്ട് ഇതിനുവേണ്ടി എല്ലാ ത്യാഗങ്ങളും സഹിച്ച് നമ്മുടെ സേവനമനോഭാവം നിലനിർത്തുക. യാതൊരു തരത്തിലുള്ള ദുർമുഖവും കാണിക്കുകയില്ല. നമ്മുടെ മുഖങ്ങളിൽ എപ്പോഴും പുഞ്ചിരിയുണ്ടായിരിക്കണം. യുവതികളായാലും സ്ത്രീകളായാലും യുവാക്കളായാലും പ്രായമായ പുരുഷന്മാരായാലും, ഉദ്യോഗസ്ഥരായാലും സഹായികളായാലും, ഭക്ഷണം പാചകം ചെയ്യുന്നവരും ലംഗർ നടത്തുന്നവരും അല്ലെങ്കിൽ ഭക്ഷണം വിളമ്പുന്നവരും ആകട്ടെ. സുരക്ഷാ ജീവനക്കാരായാലും പാർക്കിംഗ് ജോലിക്കാരായാലും ശുചീകരണ പ്രവൃത്തി ചെയ്യുന്നവരായാലും അകത്തും പുറത്തും സിഗ്നലുകൾ സ്ഥാപിക്കുന്നവരായാലും ഗേറ്റ് എൻട്രിയിൽ നിയമിക്കപ്പെട്ടവരായാലും കുട്ടികളുടെ പന്തലിൽ ഡ്യൂട്ടിയുള്ള പെൺകുട്ടികളായാലും പ്രധാന ജൽസ ഹാളിൽ ഡ്യൂട്ടിയുള്ള പെൺകുട്ടികളും ആൺകുട്ടികളും പുരുഷന്മാരും സ്ത്രീകളുമായാലും ശരി. എല്ലാവരും എപ്പോഴും മുഖത്ത് പുഞ്ചിരിയോടെ തങ്ങളുടെ ജോലികൾ ചെയ്യേണ്ടതാണ്. അല്ലാഹു തആലാ അതിന് തൗഫീഖ് നൽകട്ടെ. എന്നാൽ അതേ സമയം എല്ലാവരെയും സൂക്ഷ്മമായി നിരീക്ഷിക്കുകയും വേണം, ആരും ഒരു തിന്മയും പ്രചരിപ്പിക്കാൻ ധൈര്യപ്പെടാതിരിക്കാൻ. എല്ലാ പ്രവർത്തകർക്കും ഏറ്റവും നല്ല രീതിയിൽ സേവനം ചെയ്യാനുള്ള തൗഫീഖ് അല്ലാഹു തആലാ നൽകട്ടെ, അവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നേടുന്നവരാകട്ടെ.

വിവ: ആരിഫ് മുഹമ്മദ് ബി.എം

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ
وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HADRAT KHALIFATUL MASIH V(ATBA)**
AT MASJID MUBARAK UK ON 18.07.2025
MALAYALAM TRANSLATION BY ARIF MOHAMMED BM
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516